പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2949 **29-10-2026-ൽ മറുപടിയ്ക്ക്**

വിവിധ സേവന ദാതാക്കൾ പൊതുമരാമത്ത് റോഡുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) പൊതുമരാമത്ത് റോഡുകളിൽ ടെലികോം സർവീസ്, ഗ്യാസ്, വാട്ടർ അതോറിറ്റി തുടങ്ങിയ വിവിധ സേവനദാതാക്കൾ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴിയെടുക്കുന്നത് മൂലം മികച്ച നിലവാരത്തിൽ നിർമ്മിക്കുന്ന റോഡുകൾ തകരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്. സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് പരമാവധി ഒഴിവാക്കുന്നതിനും അത്തരം പ്രവൃത്തികൾ അനിവാര്യമായി വരുന്ന സാഹചര്യങ്ങളിൽ റോഡുകൾ സമയബന്ധിതമായി പൂർവസ്ഥിതിയിലാക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് റോഡുകൾ കുഴിക്കുന്നതും പുനഃസ്ഥാപിക്കുന്നതും സംബന്ധിച്ച പരിഷ്കരിച്ച മാർഗനിർദ്ദേശങ്ങൾ GO(MS) No. 11/2023/PWD dated 14.02.2023, GO(MS) No. 986/2021/PWD dated 09.11.2021, GO(MS) No. 46/2023/PWD dated 02.08.2023 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റ് ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും SUGAMA Portal എന്ന ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തിവരുന്നു.

ഓൺലൈൻ സംവിധാനത്തിലൂടെ ലഭിക്കുന്ന അപേക്ഷകളും അനുവദിക്കുന്ന അനുമതികളും സമയബന്ധിതമായി പരിശോധിക്കുകയും നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ആവശ്യമായ നടപടികൾ പൂർത്തിയാക്കുകയും ചെയ്യുന്നതിലൂടെ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വലിയൊരളവിൽ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. റോഡ് കട്ടിംഗ് പ്രവൃത്തികളും തുടർന്ന് റോഡ് പുനഃസ്ഥാപിക്കുന്ന പ്രവൃത്തികളും ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടത്തിവരുന്നത്.

(ബി) വിവിധ സേവന ദാതാക്കൾ പൊതുമരാമത്ത് റോഡുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) നടപടിക്രമങ്ങളിൽ വീഴ്ച വരുത്തുന്ന വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കുമെതിരെ നടപടികൾ സ്വീകരിക്കാറുണ്ടോ; കഴിഞ്ഞ അഞ്ചുവർഷമായി ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മറുപടി: നടപടിക്രമങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണത്തിന് വിധേയമായി അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. അച്ചടക്ക നടപടി സ്വീകരിച്ച ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നം.	വിഷയം	കുറ്റാരോപിതരായ ഉദ്യോഗസ്ഥർ	സ്വീകരിച്ച അച്ചടക്ക നടപടി
1	Irregularities in the restoration work at Balaramapuram - Kattakkada road.	1) Godwin A Alfred, AE 2) Jose V.O., TGO	• vig.1/3925/2017 dtd. 16/5/2017 പ്രകാരം കുറ്റപത്രം നൽകി. • CEPWD/12271/2020-Vig1-AD dtd. 19/09/2021 പ്രകാരം തുടർ നടപടികൾ ഒഴിവാക്കി • അച്ചടക്ക നടപടി തീർപ്പാക്കി
2	ഊളമ്പാറ - ശാസ്താമംഗലം, പേരൂർക്കട - ശാസ്താമംഗലം റോഡിൽ കേരള വേറെ അതോറിറ്റിയുടെ പൈപ്പ് ലൈൻ ഇട്ട ഭാഗത്ത് ടാർ ചെയ്തതുമായി ബന്ധപ്പെട്ട പ്രവൃത്തികളില് ക്രമക്കേട്.	1. Bibinjith AE 2. Sajitha S. AE 3. Jijo V. Manohar AE 4. Viswalal AE 5. Arunmani III Gr. Draftsman 6. Suja T.D. Overseer 7. Ganesh L.S. Overseer	• 22.04.2022 തീയതിയിലെ സർക്കാർ കത്ത് നമ്പർ PWD-F1/123/2020-PWD പ്രകാരം, കുറ്റാരോപിതരായ 7 ഉദ്യോഗസ്ഥർക്കും, സർക്കാർ കുറ്റപത്രം / കുറ്റാരോപണ പത്രിക നൽകിയിരുന്നു. • 24.02.2025 തിയതിയിലെ പൊതുമരാമത്ത്(എഫ്) വകുപ്പിലെ സ.ഉ.(സാധാ)നമ്പർ 281/2025/PWD ഉത്തരവിൻ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ. ബിപിൻ ജിത്ത്, ശ്രീ. വിശ്വലാൽ, ശ്രീ. ജിജോ വി. മനോഹർ, പൊതുമരാമത്ത് (നിരത്ത് വിഭാഗം) ഓവർസീയർമാരായ ശ്രീ. അരുൺമണി, ശ്രീമതി സുജ ടി.ഡി., ശ്രീ. ഗണേഷ് എൽ. എസ്. എന്നിവർക്കെതിരെ ചട്ടം 15 പ്രകാരം ആരംഭിച്ച കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി തുടർനടപടി ഒഴിവാക്കി • ശ്രീമതി സജിത എസ്., അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ ചട്ടം 15 പ്രകാരം ആരംഭിച്ച കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിവും, നിയന്ത്രണവും. അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(13) പ്രകാരം ലഘു ശിക്ഷയായി കുറച്ച് "Censure" (ചട്ടം 11 (1) (i)) നൽകിയും തീർപ്പാക്കി ഉത്തരവായിരിക്കുന്നു.
			• G.O.(Rt)1142/18/PWD dtd.

			21/07/2018 പ്രകാരം സസ്പെൻഡ് ചെയ്തു • G.O. (Rt) No.129/19/PWD dtd.25/01/2019 പ്രകാരം Reinstate ചെയ്തു. • F3/214/2018/PWD dtd. 21/08/2018 പ്രകാരം കുറ്റപത്രം നൽകി • PWD/F3/214/2018/PWD dtd 04.07.2019 (Sujatha K., Overseer) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി • PWD/F3/214/2018/PWD dtd 05.07.2019 (V.V. Kumudabai,Smesha P.P) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി • സ.ഉ(സാധാ) നം 885/2020/പൊ.മ.വ തീയതി 30/10/2020 പ്രകാരം ശ്രീമതി കുമുദാ ഭായി. വി . വി., എക്സിക്യൂട്ടീവ് എഞ്ചിനീയർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാൾക്കെതിരായ അച്ചടക്ക നടപടി ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടയുന്നതിന് തുല്യമായ തുകയും സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടത്തിന് തുല്യമായ 19,161/- രൂപയും ടിയാളുടെ DCRG യിൽ നിന്നും ഈടാക്കിക്കൊണ്ടും ശ്രീമതി. സ്മേഷ പി. പി, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി. സുജാത. കെ., ഓവർസീയർ എന്നിവർക്കെതിരായ അച്ചടക്ക നടപടി ടിയാളുകളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടയുന്നതിനും സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടത്തിന് തുല്യമായ 19,161 /- രൂപ വീതം ടി ആളുകളിൽ നിന്നും ഈടാക്കികൊണ്ടും തീർപ്പാക്കി ഉത്തരവായിട്ടുണ്ട്. • PWD/F3/90/2021/PWD dtd 13/06/2022 പ്രകാരം കുമദാബായി.വി.വി ക്ക് കാ
3	തൃശ്ശൂർ ജില്ലയിലെ പൊ.മ.വ ചാവക്കാടി റോഡ്സ് സെക്ഷനിലെ ആൽത്തറ - പനത്തറ എടക്കഴിയൂർ - വെളിയങ്കോട് റോഡിന്റെ വശങ്ങളിലൂടെ കേബിൾ ഇടുന്നതിന് വേണ്ടി പൊളിച്ച റോഡ് റീ ടാറിംഗ് നടത്തിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട്	1) V.V. Kumudabai, EE 2) Smesha P.P,AE 3) Sujatha K., Overseer	

			രണം കാണിക്കൽ നോട്ടീസ് നൽകി • G.O.(Rt) No.1207/2022/PWD Dated 09/12/2022 പ്രകാരം ശ്രീമതി കുമുദാ ഭായി. വി. വി - ക്ക് ബാധകമായ ശിക്ഷാ നടപടി റദ്ദ് ചെയ്യും ടിയാൾക്കെതിരെയുള്ള വകുപ്പുതലനടപടി കേരള സർവ്വീസ് ചട്ടം 3(a) പ്രകാരം തുടരുന്നതുമാണെന്ന് ഉത്തരവായിട്ടുണ്ട്. • PWD/F3/90/2021/PWD dtd 23/12/2022 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി • സ.ഉ(സാധാ) നം 119/2024/PWD തീയതി 01/02/2024 പ്രകാരം ശ്രീമതി കുമുദാ ഭായി. വി . വി - ക്കെതിരെയുള്ള വകുപ്പ്തല അച്ചടക്കനടപടി KSR ചട്ടം, ഭാഗം III, ചട്ടം 3(a) പ്രകാരം ടിയാളുടെ പെൻഷനിൽ നിന്നും പ്രതിമാസം 2000/- രൂപ ഒരു വർഷത്തേയ്ക്ക് കുറവ് വരുത്തി തീർപ്പാക്കി ഉത്തരവായിട്ടുണ്ട്.
4	കോട്ടയം ജില്ലയിലെ കടുത്തുരുത്തി - പിറവം റോഡിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ റീസ്റ്റോറേഷനുമായി ബന്ധപ്പെട്ട് ശ്രീ.പൗലോസ് മത്തായി, വാഴപ്പറമ്പിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പരാതി	1.ശ്രീലേഖ.പി EE (rtd) 2. ജോസ് രാജൻ.കെ EE (rtd) 3. സജീവ്കുമാർ.എ.ബി AEE (rtd) 4. രഞ്ജു ബാലൻ AEE 5. അനീഷ്.എസ് AE 6. ജോസ്.പി.ചെറിയാൻ AE 7. സന്തോഷ്.കെ.സി AE	• ശ്രീലേഖ.പി EE (rtd), ജോസ് രാജൻ.കെ EE (rtd), സജീവ്കുമാർ.എ.ബി A EE (rtd) എന്നിവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി • രഞ്ജു ബാലൻ AEE, അനീഷ്.എസ് AE, ജോസ്.പി.ചെറിയാൻ AE, സന്തോഷ്.കെ.സി AE എന്നിവർക്ക് കുറ്റപത്രം / കുറ്റാരോപണ പത്രിക നൽകി • അച്ചടക്ക നടപടി തീർപ്പാക്കിയിട്ടില്ല.
	Providing BC overlay in Thripunithura Piravom road KM1 6/400 to 20/300. Thodupuzha Piravom road from 25/000 to 33/400		• 07/10/2024 തീയതിയിലെ PWD-F2/116l2023-PWD നമ്പർ കുറ്റപത്രം/ കു

5.	Deposit Work - Urgent restoration work in connection with KWA pipe laying work along in Thripunithura Piravom road KM16/400 to 17/920 എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ടുണ്ടായ വീഴ്ചകൾ	-1) Smt. Susan Solomon Thomas, EE 2) Sri. Amal Raj, AE	റ്റാരോപണ പത്രിക നൽകി • 26/09/2025 തീയതിയിലെ PWD-F2/116/2023-PWD നമ്പർ കാരണം കാണിക്കൽ നോട്ടീസ് നൽകി • അച്ചടക്ക നടപടി തീർപ്പാക്കിയിട്ടില്ല